**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 138** **08-10-2021 - ൽ മറുപടിയ്ക്ക്**

**പച്ചക്കറിയുല്പാദനത്തിൽ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ. പ്രേംകുമാർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും ലക്ഷ്യബോധത്തോടെയുള്ള ഇടപെടലിന്റെ ഫലമായി കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് പച്ചക്കറിയുല്പാദനം രണ്ടരയിരട്ടിയോളമായി വർദ്ധിപ്പിക്കാനായിട്ടുണ്ടോ; | (എ) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും ലക്ഷ്യബോധത്തോടെയുള്ള ഇടപെടലിന്റെ ഫലമായി കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് പച്ചക്കറിയുല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കേരളത്തിലെ പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്ത് 2016-17 വർഷത്തിൽ 0.52829 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. 2017-18 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.69047 ലക്ഷം ഹെക്ടറായി ഉയർത്താനും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും കഴിഞ്ഞു. 2018-19 ആയപ്പോഴേക്കും പച്ചക്കറി വിസ്തൃതി 0.82166 ലക്ഷം ഹെക്ടറും ഉല്പാദനം 12.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാനും സാധിച്ചു. 2019-20 വർഷത്തിൽ പച്ചക്കറി വിസ്തൃതി 0.96313 ലക്ഷം ഹെക്ടർ ആയി വർദ്ധിക്കുകയും ഉല്പാദനം 14.93 ലക്ഷം മെട്രിക് ടൺ ആയി ഉയർത്തുന്നതിനും സാധിച്ചു. 2020-21 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.02 ലക്ഷം ഹെക്ടർ ആയി വ്യാപിപ്പിക്കുവാനും ഉല്പാദനം 15.7 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ബി) | ഓണക്കാലത്ത് പച്ചക്കറിയ്ക്കായി അയൽസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കുന്നതിനുവേണ്ടി ഓണത്തിന് ഒരുമുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി അരക്കോടി വിത്ത് പാക്കറ്റുകളും ഒന്നരക്കോടി പച്ചക്കറി തൈകളും | (ബി) | ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്ന് തന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2021-22 വർഷത്തിൽ നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് |

| | | | |
|---|---|---|---|
| | സൗജന്യമായി നൽകിയത് ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് പ്രയോജനപ്രദമായിട്ടുണ്ടോ; | | ‘ഓണത്തിന് ഒരു മുറം പച്ചക്കറി. പച്ചക്കറി വികസന പദ്ധതിയുടെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 2021 - 22 വർഷത്തിൽ ഓണത്തിന് ഒരു മുറം പച്ചക്കറിക്കായി 10/- രൂപ വിലയുള്ള 50 ലക്ഷം വിത്തുപാക്കറ്റുകളും, 2.5 രൂപ വിലയുള്ള 150 ലക്ഷം പച്ചക്കറിതൈകളും കർഷകർ, വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധസംഘടനകൾ തുടങ്ങി എല്ലാ ജനവിഭാഗങ്ങളിലേക്കും കൃഷിഭവൻ വഴി സൗജന്യ നിരക്കിൽ സമയബന്ധിതമായി വിതരണം ചെയ്യുകയുണ്ടായി. ആയതുവഴി ഓണക്കാലത്ത് 24000 ഹെക്ടറിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനും, 3.7 ലക്ഷം ടൺ സുരക്ഷിത പച്ചക്കറി ഉല്പാദിപ്പിക്കുവാനും സാധിച്ചു. ഇതിലൂടെ ഓണക്കാലത്ത് പച്ചക്കറിയ്ക്കായി അയൽ സംസ്ഥാനങ്ങളെ പൂർണ്ണമായും ആശ്രയിക്കുന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കുന്നതിനു സാധിച്ചു. |
| (സി) | ഓണക്കാലത്ത് വിലയിടിവിൽ നിന്ന് കർഷകരെയും അമിത വിലയിൽ നിന്ന് ഉപഭോക്താക്കളെയും ഒരുപോലെ സംരക്ഷിക്കുന്നതിന് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഓണസമൃദ്ധി പദ്ധതിയിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ? | (സി) | 2021 - 22 സാമ്പത്തിക വർഷത്തിൽ കർഷകർ ഉല്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പാക്കുന്നതിനും ഉണഭോക്താക്കൾക്ക് ഉൽപ്പന്നങ്ങൾ ന്യായ വിലയ്ക്ക് ലഭിക്കുന്നതിനും 2000 ഓണ വിപണികൾ സംസ്ഥാന കൃഷി വകുപ്പ് 17.08.2021 മുതൽ 20.08.2021 വരെയുള്ള 4 ദിവസങ്ങളിൽ സംസ്ഥാനത്തെ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ സംഘടിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ 14 ജില്ലകളിലും കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന വിവിധ വിപണികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, ഹോർട്ടികോർപിന്റെ ഉടമസ്ഥതയിലുള്ളതും ഫ്രാൻഞ്ചൈസികളുമായ റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ, ഉത്സവകാല വിപണികൾക്കായി പ്രത്യേകമായുള്ള ഔട്ട് ലെറ്റുകൾ, വി.എഫ്.പി.സി.കെ ഔട്ട് ലെറ്റുകൾ എന്നിവ മുഖേന ഉത്സവകാല പഴം, പച്ചക്കറി വിപണികൾ പ്രവർത്തിപ്പിച്ചു. കൃഷി വകുപ്പ് 1350 എണ്ണം, ഹോർട്ടികോർപ് 500 എണ്ണം, വി.എഫ്.പി.സി.കെ 150 എണ്ണം എന്ന ക്രമത്തിൽ വിപണികൾ സംഘടിപ്പിച്ചു. ഉത്സവ സമയങ്ങളിൽ കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുക, ഉത്സവ കാലങ്ങളിൽ തുറന്ന വിപണികളിലെ വിലക്കയറ്റം നിയന്ത്രിക്കുക, ഉണഭോക്താക്കൾക്ക് ന്യായവില ലഭ്യമാക്കുക. എന്നിവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ. ഉത്സവ കാലങ്ങളിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണികളിൽ ലഭ്യമാകുന്ന അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിച്ചു. വിപണികളിലൂടെ വിൽപ്പന നടത്തുമ്പോൾ |

| | | | |
|---|---|---|---|
| | | | പൊതു വിപണി വിൽപ്പന വിലയിൽ നിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കി. ഓണവിപണി ലക്ഷ്യമിട്ട കർഷകർ ഉല്പാദിപ്പിച്ചിട്ടുള്ള പരമാവധി ഗുണമേന്മയുള്ള ഉത്പന്നങ്ങൾ സംഭരിച്ചു വിതരണം നടത്തുന്നതിന് കൃഷി വകുപ്പ് പ്രാധാന്യം നൽകിയിരുന്നു. ഓണവിപണികൾക്കായി 4220 ടൺ പഴം പച്ചക്കറികൾ സംഭരിച്ചതിൽ 1800 ടൺ കൃഷി വകുപ്പ് മുഖേനയും 300 ടൺ വി.എഫ്.പി.സി.കെ മുഖേനയും, 2120 ടൺ ഹോർട്ടികോർപ് മുഖേനയും ആയിരുന്നു. 18000 കർഷകരുടെ ഉത്പന്നങ്ങൾ സംഭരിക്കുവാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ